# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 103 — 08.02.2016 ൽ മറുപടിയ്ക്ക്

## സഹകരണ വകുപ്പ് ബഡ്ജറ്റ് വിഹിതം

**ചോദ്യം**

ശ്രീ.ബി.സത്യൻ

**മറുപടി**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും സഹകരണ വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(എ)

| വർഷം | പ്രഖ്യാപിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കാൻ പറ്റാത്തവയുടെ എണ്ണം |
|---|---|---|
| 2011-12 | 3 | 1 |
| 2012-13 | 4 | - |
| 2013-14 | 10 | 2 |
| 2014-15 | 2 | 1 |
| 2015-16 | 1 | 1 |
| ആകെ | **20** | **5** |

പൂർണ്ണമായും നടപ്പിലാക്കാൻ പറ്റാത്ത ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ വിവരം അനുബന്ധം ഒന്നായി ചേർക്കുന്നു.

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി സഹകരണ വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ

(ബി) അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.

തുകയുടെ എത്രശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

(സി)

| വർഷം | റീ-അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ച തുക |
|---|---|
| 2011-12 | - |
| 2012-13 | 1100.00 ലക്ഷം |
| 2013-14 | - |
| 2014-15 | - |
| 2015-16 | - |
| **ആകെ** | **1100.00 ലക്ഷം** |

സെക്ഷൻ ഓഫീസർ

## അൻബന്ധം I

| ക്രമ നം. | വർഷം | ബഡ്ജറ്റ് പ്രഖ്യാപനം നം. | ബഡ്ജറ്റ് പ്രഖ്യാപനം |
|---|---|---|---|
| 1 | 2011-12 | 256 | എൻ.സി.ഡി.സി. ധനസഹായത്തോടെ കേരളം, കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് വേണ്ടി ധനസഹായം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 2 | 2013-14 | 152 | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെ എല്ലാ തലങ്ങളിലുമുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് ധാര എന്ന പേരിൽ പദ്ധതി നടപ്പിലാക്കും. ആദ്യ ഘട്ടമായി ഈ വർഷം നെടുമങ്ങാട്, അടൂർ, തിരുവല്ല, ശാസ്താംകോട്ട, പീരുമേട്, കുട്ടനാട്, മീനച്ചിൽ, കോതമംഗലം, തലപ്പിള്ളി, ചാവക്കാട്, മഞ്ചേരി, ചിറ്റൂർ, വടകര, മാനന്തവാടി, തളിപ്പറമ്പ്, ഹോസ്ദുർഗ്ഗ് എന്നീ താലൂക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കും. |
| 3 | 2013-14 | 154 | സൗരോർജ്ജ സംവിധാനത്തിന് സഹകരണ സ്ഥാപനങ്ങൾ വഴി വായ്പയും സബ്സിഡിയും അനുവദിക്കും. |
| 4 | 2014-15 | 77 | കളമശ്ശേരി എച്ച്.എം.റ്റി. കവലയിലും കടുങ്ങല്ലൂർ മുപ്പത്തടം കവലയിലും കുന്നുകരയിലും ഓരോ ത്രിവേണി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതാണ്. |
| 5 | 2015-16 | 101 | മീനിച്ചിൽ സർക്കിൾ സഹകരണ യൂണിയന് ഓഫീസ് കം റിസർച്ച് ട്രെയിനിംഗ് സെന്റർ കെട്ടിടം നിർമ്മിക്കുന്നതിനായി ഈ വർഷം 50 ലക്ഷം രൂപ വകയിരുത്തുന്നതാണ്. |

**അനുബന്ധം II**

കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി സഹകരണ വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

തുക ലക്ഷത്തിൽ

| വർഷം | സ്റ്റേറ്റ് പ്ലാൻ | നബാർഡ് | എൻ.സി.ഡി.സി | ആകെ |
|---|---|---|---|---|
| 2011-12 | 4725.01 | 1100.00 | 3975.01 | 9800.02 |
| 2012-13 | 7700.00 | 1100.00 | 5000.00 | 13800.00 |
| 2013-14 | 7980.00 | 0.03 | 3000.00 | 10980.03 |
| 2014-15 | 8799.00 | 0.03 | 3500.00 | 12299.03 |
| 2015-16 | 8999.00 | - | 4500.00 | 13499.00 |

ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ പിൻവലിച്ച തുകയുടെ വിവരം ചേർക്കുന്നു.

തുക ലക്ഷത്തിൽ

| വർഷം | സ്റ്റേറ്റ് പ്ലാൻ | നബാർഡ് | എൻ.സി.ഡി.സി | ആകെ | ശതമാനം |
|---|---|---|---|---|---|
| 2011-12 | 4194.23 | - | 3876.21 | 8070.44 | 82 |
| 2012-13 | 4747.12 | | 3621.36 | 8368.48 | 61 |
| 2013-14 | 6927.13 | | 2875.46 | 9802.59 | 89 |
| 2014-15 | 17553.17 | | 7452.15 | 25005.32 | 203.31 |
| 2015-16 (31.12.2015 വരെയുള്ള കണക്കുകൾ പ്രകാരം) | 4583.83 | | 2816.56 | 7400.39 | 55 |

ട്രഷറിയിൽ ബാക്കി നിൽപ്പുള്ള തുകയുടെ വിവരം ചേർക്കുന്നു.

| വർഷം | പിൻവലിച്ച വിനിയോഗിക്കുവാൻ ബാക്കി നിൽപ്പുള്ള തുക |
|---|---|
| 2011-12 | 25.77 |
| 2012-13 | 22.35 |
| 2013-14 | 242.28 |
| 2014-15 | 579.55 |
| 2015-16 (31.12.2015 വരെയുള്ള കണക്കുകൾ പ്രകാരം) | 3764.63 |
| | 4634.58 |